**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2044** **06-07-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് പോലീസ് നടത്തുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മൊബൈൽ ഫോണിന് അടിമപ്പെടുന്ന കുട്ടികളെ അതിൽ നിന്ന് മോചിപ്പിക്കുന്നതിനായി സംസ്ഥാനത്ത് കേരള പോലീസ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | കുട്ടികൾക്കെതിരായ അതിക്രമങ്ങൾക്കും ഓൺലൈൻ ദുരുപയോഗത്തിനുമെതിരെ സമർപ്പിത പോരാട്ടം നടത്തുന്ന സാങ്കേതിക, നിയമ, മാനസികാരോഗ്യ വിദഗ്ധരുടെ ഒരു ടീമിനെ ഉപയോഗപ്പെടുത്തി ഡി-സേഫ് (Digital Safety) എന്ന സഹായ ഗ്രന്ഥം കേരള പോലീസിന്റെ സോഷ്യൽ പോലീസിംഗ് ഡയറക്ടേറ്റ്, UNICEF ന്റെ സാമ്പത്തിക സഹായത്തോടുകൂടി തയ്യാറാക്കുകയും കേരളത്തിലുള്ള ഏകദേശം 20,000-ത്തോളം രക്ഷിതാക്കൾക്ക് safe Internet ന്റെ ഉപയോഗത്തെപ്പറ്റിയും ഓൺലൈൻ ദുരുപയോഗമോ, അതിക്രമമോ ഉണ്ടായാൽ സ്വീകരിക്കേണ്ട നിയമപരവും, മനശ്ശാസ്ത്രപരവും, സാങ്കേതികവുമായ വശങ്ങളെപ്പറ്റി അവർക്ക് ബോധവൽക്കരണം നൽകുകയും ചെയ്തിട്ടുണ്ട്. D-safe പുസ്തകത്തിന്റെ മലയാളം, ഇംഗ്ലീഷ്, ഹിന്ദി പതിപ്പുകൾ എല്ലാ പോലീസ് സ്റ്റേഷനുകളിലും നൽകിയിട്ടുള്ളതും പോലീസുകാർക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടുള്ളതുമാണ്. അടുത്തതായി 50,000 പേർക്ക്കൂടി സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സഹായത്തോടെ D-Safe സംബന്ധിച്ച ബോധവത്കരണം നൽകാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>'ചിരി' ഹെൽപ് ലൈനിൽ (9497900200) വരുന്ന ഓൺലൈൻ ദുരുപയോഗവുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ ഉടനടി തന്നെ അതാത് ജില്ലകളിലെ കൗൺസിലർമാർക്കും സൈക്കോളജിസ്റ്റുകൾക്കും അയച്ചു കൊടുക്കുകയും അനുയോജ്യമായ നടപടികൾ സ്വീകരിച്ച് തുടർ നടപടി ഉറപ്പാക്കുകയും ചെയ്യുന്നു. ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ മുഖാന്തിരം Internet Addiction, Game Addiction, ഓൺലൈൻ |

| | | | |
|---|---|---|---|
| | | | ദുരുപയോഗം എന്നിവയെ പറ്റിയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർമാർ ചെയ്തു വരുന്നു. കൂടാതെ ജില്ലാ CAP കോർഡിനേഷൻ സെന്ററുകൾ മുഖേന ബോധവത്ക്കരണ ക്യാമ്പെയിനുകൾ നടത്തി വരുന്നു.<br><br>ഒരു വിഭാഗം കുട്ടികളെ ഇന്റർനെറ്റ് ദുരുപയോഗത്തിലേയ്ക്കും അനുബന്ധ കുറ്റകൃത്യങ്ങളിലേയ്ക്കും ഇന്റർനെറ്റ് വഴി നയിക്കുന്നു എന്ന കണ്ടെത്തലിനെ തുടർന്ന് ഇന്റർനെറ്റിന്റെ ദുരുപയോഗവും മറ്റ് നിയമ, സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളും തടയുക എന്ന ലക്ഷ്യത്തോടെ കേരള പോലീസ് ആവിഷ്കരിച്ചു നടപ്പിലാക്കാൻ പോകുന്ന മൂന്ന് വർഷത്തെ പദ്ധതിയാണ് ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്റർ (D-DAD). ഇതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയതനുസരിച്ച് കേരളത്തിലെ 6 ജില്ലകളിൽ D-DAD സെന്റർ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു |
| (ബി) | സംസ്ഥാനത്തെ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് കേരള പോലീസ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) | കേരള പോലീസിന്റെ പ്രോജക്ടായ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ കേഡറ്റുകൾക്ക് കമ്പ്യൂട്ടർ, മൊബൈൽ ഫോൺ എന്നിവ ഉപയോഗിക്കുന്നത് മൂലം സൈബർ ലോകത്തെ വിപത്തുകളെപറ്റിയും, നല്ല വശങ്ങളെ പറ്റിയും ബോധവത്കരണ ക്ലാസ്സുകൾ നടത്തി വരുന്നു.<br><br>കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പ്രത്യേകിച്ച്, വീട്ടിൽ നിന്ന് സ്കൂൾ വരെയും, തിരിച്ചുള്ള യാത്രയുടെയും കാര്യത്തിൽ പ്രത്യേക ശ്രദ്ധ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ